കൈത്തറി വ്യവസായ സംരക്ഷണം

*29 [119] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
" പി. ജയരാജൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന കൈത്തറി വ്യവസായം സംരക്ഷിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) നൂലിന്റെ ക്രമാതീതമായ വിലക്കയറ്റം വ്യവസായം നേരിടുന്ന പ്രതിസന്ധിയെ മൂർച്ഛിപ്പിച്ചിരിക്കുകയാണെന്നത് സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(സി) അസംസ്കൃത സാധനങ്ങളുടെ വിലക്കയറ്റവും പരമ്പരാഗത വ്യവസായമെന്ന നിലയും പരിഗണിച്ച് സബ്സിഡി അനുവദിച്ചുകൊണ്ട് കൈത്തറി വ്യവസായത്തെ സംരക്ഷിക്കുവാൻ സർക്കാർ തയ്യാറാകുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) കൈത്തറി വ്യവസായ രംഗത്തുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി ഈ സർക്കാർ വളരെയധികം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയ്ക്ക് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക കഴിഞ്ഞ മൂന്നു വർഷവും പൂർണ്ണമായും ചെലവഴിക്കുകയുണ്ടായി. കൂടാതെ കൈത്തറി മേഖലയുടെ സമഗ്ര വികസനത്തിനായി ദീൻ ദയാൽ കൈത്തറി വികസന പദ്ധതി, റിബേറ്റ്, മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതി, ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം, ഇന്റഗ്രേറ്റഡ് ഹാന്റ്ലൂം ട്രയിനിംഗ് പ്രോജക്ട്, ഹാങ്ക് യാൺ സബ്സിഡി, കലാപരമായ കൈത്തറി വസ്ത്രങ്ങളുടെ വിപുലീകരണം പദ്ധതി, നെയ്ത്തിലും ഡൈയിംഗിലും ഡിസൈനിലും വിദഗ്ധ പരിശീലനം നൽകുന്നതിനുള്ള പദ്ധതി, ഫാക്ടറി ടൈപ്പ് സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതി, സ്വകാര്യ മേഖലയിൽ കൈത്തറി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി എന്നീ കേന്ദ്ര സംസ്ഥാന പദ്ധതികൾ വിജയകരമായി നടപ്പാക്കിവരുന്നു. കേന്ദ്ര സർക്കാരിന്റെ ഇന്റഗ്രേറ്റഡ് ഹാന്റ്ലൂം ട്രെയിനിംഗ് പ്രോജക്ട് സ്കീം പ്രകാരം 10,000 നെയ്ത്തുകാർക്ക് മൂന്നുവർഷം കൊണ്ട് വിദഗ്ധ പരിശീലനം നൽകുന്നതിനായി 16.62 കോടി രൂപയുടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം മൂന്നു പ്രോജക്ടുകൾ ഹാൻവീവ് വഴി നപ്പാക്കാൻ ഉദ്ദേശിക്കുന്നു. കണ്ണൂർ, പാലക്കാട്, തിരുവനന്തപുരം ജില്ലയിലെ സ്വകാര്യ മേഖലയിലെ 7500 നെയ്ത്തുകാർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. പരമ്പരാഗത വ്യവസായ വികസന ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി കൈത്തറി വ്യവസായത്തിന്റെ പുനരുദ്ധാരണം ലക്ഷ്യമാക്കി പുതിയ പദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി, സി) നൂലിന്റെ വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു കണക്കിലെടുത്ത് ഹാങ്ക് യാണിന് സബ്സിഡി നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിക്ക് നടപ്പുസാമ്പത്തിക വർഷം 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly